# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 2242

09-12-2014ൽ മറുപടിക്ക്

### ജോലിക്കിടെ അപകടത്തിൽ മരിച്ച വൈദ്യുതി കരാർത്തൊഴിലാളികൾ

ചോദ്യം | ഉത്തരം

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കഴിഞ്ഞ മൂന്ന വർഷത്തിനകം സംസ്ഥാനത്ത് എത്ര വൈദ്യുതി കരാർത്തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (1) കഴിഞ്ഞ മൂന്ന് വർഷത്തിനകം (01.01.2012 മുതൽ 30.11.2014 വരെയുള്ള കാലയളവിൽ) 39 കരാർ തൊഴിലാളികൾ മരണപ്പെട്ടതായി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇവരുടെ കുടുംബാംഗങ്ങൾക്ക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്തുവരുന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് മരണപ്പെട്ട 30 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 2,31,06,783/- രൂപ (രണ്ട് കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ആറായിരത്തി എഴുനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമോ, അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം |

| | |
|---|---|
| | നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ടി തുകയ്ക്കുള്ള ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. <br><br> കൂടാതെ, വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ വിധി ന്യായം പുറപ്പെടുവിക്കുന്നതിന് വിധേയമായി അർഹമായ നഷ്ടപരിഹാരം അനുവദിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ